**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **07-12-2022 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ ജലസേചന കനാലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ജലസേചന കനാലുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | **നെന്മാറ മണ്ഡലത്തിലെ ചിറ്റൂർപ്പുഴ പദ്ധതിയുടെയും ഗായത്രി പദ്ധതിയുടെയും കനാലുകളിലെ അറ്റകുറ്റപ്പണികൾ നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി നടന്നു വരുന്നുണ്ട്. കാഡാ കനാലുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്ത് അധികൃതർ, കർഷകർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് പ്രവൃത്തികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നെന്മാറ മണ്ഡലത്തിൽ ഉൾപ്പെടുന്ന പോത്തുണ്ടി പദ്ധതിയുടെ കനാൽ നവീകരണത്തിനായി ആക്ഷൻ പ്ലാൻ 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**കാഡാ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയ 8 കോടി രൂപയുടെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | ജലസേചന കനാലുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കനാലുകളിൽ അടിഞ്ഞു കൂടിയ മണ്ണും മറ്റിതര പാഴ്‌വസ്തുക്കളും നീക്കം ചെയ്ത് കനാൽ വൃത്തിയാക്കൽ പ്രവർത്തികളുടെ ഫണ്ടിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ